**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതിക്കായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഇന്ന് കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്ക് ശേഷം വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഗുണകരമാണ്. കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവേദം. ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ-ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവ്വേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ ആയുർവ്വേദത്തിന്റെ പ്രചരാണർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് ആയുർവ്വേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ആയുർവ്വേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായും ധാരാളം വിദേശികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്. |
| (ബി) | കോവിഡ് മഹാമാരിക്ക് ശേഷം ഹെൽത്ത് ടൂറിസം മേഖലയിലുണ്ടായ തകർച്ച സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് സൃഷ്ടിച്ച പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആയുർവ്വേദ ചികിത്സ ലക്ഷ്യമാക്കി ധാരാളം വിനോദസഞ്ചാരികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ നിലയിലുള്ള പ്രചരണങ്ങളും ടൂറിസം വകുപ്പ് നടത്തുന്നുണ്ട്. |
| (സി) | എങ്കിൽ ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് | (സി) | സംസ്ഥാനത്ത് ഒരു ടൂറിസം പ്രോഡക്റ്റ് എന്ന നിലയിൽ ആയുർവ്വേദം പ്രചരിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | | പ്രത്യേകിച്ച് കോവിഡിന് ശേഷം ഈ രംഗത്തെ സാധ്യതകൾ തിരിച്ചറിഞ്ഞ് കൂടുതൽ വിനോദസഞ്ചാരികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് നിരവധി നടപടികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവ്വേദം പ്രചരിപ്പിക്കുന്നത്. ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet -കളിലും ഒരു മെഡിക്കൽ ടൂറിസം പ്രോഡക്ട് എന്ന നിലയിൽ ആയുർവ്വേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ അടുത്ത സാമ്പത്തികവർഷം ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ